**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1161** **15-10-2026-ൽ മറുപടിയ്ക്ക്**

**ദേശീയപാതയോരത്തെ വീടുകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും സംരക്ഷണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കാരായി രാജൻ

ശ്രീ. പി. കെ. പ്രവീൺ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ദേശീയപാതയുടെ മധ്യഭാഗത്തുനിന്നും വീടുകൾക്ക് 40 മീറ്ററും വാണിജ്യ സ്ഥാപനങ്ങൾക്ക് 75 മീറ്ററും അകലം ഉണ്ടായിരിക്കണമെന്നും അത് അടിയന്തരമായി നടപ്പിലാക്കണമെന്നുമുള്ള ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** ഫലോദി അപകടവുമായി ബന്ധപ്പെട്ട് ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സുപ്രീം കോടതി സ്വമേധയാ എടുത്ത കേസ് (സുവോ മോട്ടോ റിട്ട് പെറ്റീഷൻ(സി) നം. 9/2025) മേലുള്ള ഇടക്കാല ഉത്തരവ് അനുസരിച്ച് പൊതുമരാമത്ത്, ആഭ്യന്തരം, റവന്യൂ, ഗതാഗതം, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പൊതുമരാമത്ത് വകുപ്പ് കോടതിയിൽ ഏകോപിതമായി സത്യവാങ്മൂലങ്ങളും അപേക്ഷകളും നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇടക്കാല ഉത്തരവിലെ ഖണ്ഡിക 4(ഡി), 4(ഇ) എന്നീ നിർദേശങ്ങൾ, സംസ്ഥാനത്തിൽ വലിയ പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നു. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും, പരിമിതമായ ഭൂലഭ്യതയും, പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ, ദേശീയപാതയോരങ്ങളിൽ തുടർച്ചയായി വികസിക്കപ്പെട്ട നഗര-ഗ്രാമ വാസസ്ഥലങ്ങളും കണക്കിലെടുക്കുമ്പോൾ, ദേശീയപാത മദ്ധ്യരേഖയിൽ നിന്നുള്ള ഈ നിയന്ത്രണം പ്രായോഗികമായി നടപ്പിലാക്കാൻ പ്രയാസമാണ്. അതിനാൽ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്കും സാമൂഹിക യാഥാർത്ഥ്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ, സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണങ്ങൾ ക്രമീകരിക്കാൻ അനുമതി വേണമെന്നാണ് സർക്കാരിന്റെ നിലപാട്. ഇതുപ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദേശത്തിൽ വ്യക്തതയും കേരളത്തിന് പ്രത്യേക ഇളവുകളും ആവശ്യപ്പെട്ട് ബഹു. കോടതിയിൽ സംസ്ഥാന സർക്കാർ Interlocutory Application. 296745/2026 സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിലൂടെ ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ള ആവശ്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

**(ബി)** ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം സംസ്ഥാന സർക്കാർ ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നിലവിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകാൻ പാടില്ലെന്നും പുതിയ സ്ഥാപനങ്ങൾക്ക് സുപ്രീം കോടതി വിധിപ്രകാരമുള്ള എൻ.ഒ.സി. മാത്രമേ നൽകാവൂ എന്നുമുള്ള നിർദേശം കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക രംഗത്തുണ്ടാക്കുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; ആയത് വിശദമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ദേശീയ പാതയോരത്തെ കിടപ്പാടങ്ങളും ജീവനോപാധികളും സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**